CYAN MAGENTA YELLO BLACK





# തമിഴകത്ത് ആശങ്ക
# രഞ്ജിത കൂടുതൽ താരങ്ങളുടെ പേരുകൾ വെളിപ്പെടുത്തും...

ചെന്നൈ: കോളിവുഡിൽ ആശങ്കകൾ പരക്കുന്നു. മറ്റൊന്നുമല്ല. ഇപ്പോൾ ഒളിവിൽ കഴിയുന്ന രഞ്ജിത വൈകാതെ പുറത്തുവരുമെന്നും സ്വാമി നിത്യാനന്ദയ്ക്കൊപ്പം കിടക്ക പങ്കിടുകയും ആശ്രമത്തിൽ പതിവായി വരികയും ചെയ്തിരുന്ന നായികമാരുടെ പേരുകൾ വെളിപ്പെടുത്തുമെന്നാണ് ആശങ്കകൾ. രഞ്ജിതയുടെ പേര് പുറത്തു വന്നപ്പോൾ തന്നെ ഇത്രയേറെ കോലാഹലം ഉണ്ടായി. മറ്റ് പലരുടേയും പേരുകൾ കൂടി പുറത്തായാൽ കോളീവുഡ് തകരുമെന്ന് വരെ ഭയക്കുന്നവരുണ്ട്.

ഏതായാലും ഏതാനും ദിവസങ്ങളായി പലയിടങ്ങളിലും ചർച്ചയിതാണ്. രഞ്ജിത പുറത്തു വന്ന് ഉണ്ടായ കാര്യങ്ങൾ സംബന്ധിച്ച് പ്രസ്താവനയിറക്കുകയേ ഉള്ളുവെന്നും സഹപ്രവർത്തകരുടെ പേരുകൾ വലിച്ചിഴയ്ക്കുകയില്ല എന്നും ആശ്വാസം കൊള്ളുന്നവരുമുണ്ട്.

ഏതായാലും രഞ്ജിതയുടെ വരവ് മറ്റൊരു ഉഗ്രൻ ബോംബായിരിക്കുമെന്നാണ് പറയപ്പെടുന്നത്. രഞ്ജിതയുടെ പേര് പുറത്തു വന്ന സമയത്ത് തന്നെ രാഗസുധ എന്ന നടിയുടെ പേരും സ്വാമിയുമായി ബന്ധപ്പെട്ട് പറഞ്ഞുകേട്ടിരുന്നു. ഈ വാർത്ത പരന്നതോടെ പല നടിമാരും ഭയന്നിരിക്കുകയാണത്രേ.

## രഞ്ജിത മുങ്ങി, ഷൂട്ടിംഗ് മുടങ്ങി
# മണിരത്നം വെള്ളത്തിൽ

ചെന്നൈ: സ്വാമി നിത്യാനന്ദയ്ക്കൊപ്പം കിടക്ക പങ്കിടുന്നതിന്റെ ചൂടൻ ദൃശ്യങ്ങൾ പുറത്താകുകയും രഞ്ജിത മുങ്ങുകയും ചെയ്തപ്പോൾ വെട്ടിലായത് പ്രമുഖ ചലച്ചിത്ര സംവിധായകൻ മണിരത്നം. അദ്ദേഹം സംവിധാനം ചെയ്യുന്ന രാവണൻ എന്ന ചിത്രത്തിൽ പ്രധാനപ്പെട്ട റോളാണ് രഞ്ജിതയ്ക്കുള്ളത്.

ഇതിലെ പല സുപ്രധാന രംഗങ്ങളും ഇനിയും ചിത്രീകരിച്ചിട്ടില്ല. നടി മുങ്ങിയതോടെ ഈ രംഗങ്ങൾ എങ്ങനെ പൂർത്തീകരിക്കാൻ കഴിയുമെന്നറിയാതെ ഉഴറുകയാണ് അദ്ദേഹം. ചിത്രത്തിന്റെ ഷൂട്ടിംഗ് തുടങ്ങിയപ്പോൾ മുതൽ പലതരത്തിലുള്ള പ്രശ്നങ്ങളാണ് മണിരത്നം നേരിട്ടുകൊണ്ടിരുന്നത്. രഞ്ജിതയുടെ മുങ്ങലോടെ അതിപ്പോൾ രൂക്ഷമായി.

ഒന്നു രണ്ടു മാസത്തിനുള്ളിൽ സിനിമ റിലീസ് ചെയ്യാമെന്ന കണക്ക് കൂട്ടലിലായിരുന്നു അദ്ദേഹം. ഇപ്പോൾ രഞ്ജിതയെ ഫോണിൽ പോലും കിട്ടുന്നില്ല. മണിരത്നത്തിന്റെ കമ്പനിയാണ് ചിത്രം പ്രൊഡ്യൂസ്ചെയ്യുന്നതും. സമയത്ത് പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിലുണ്ടാകുന്ന നഷ്ടം അതിഭീമമായിരിക്കും.

## സ്വാമിയെ എണ്ണയിട്ട് തിരുമ്മാറുണ്ടായിരുന്നു: രഞ്ജിത

ചെന്നൈ: സ്വാമി നിത്യാനന്ദയെ എണ്ണയിട്ട് താൻ ഉഴിയാറുണ്ടായിരുന്നുവെന്ന് നടി രഞ്ജിത. കഴിഞ്ഞ ദിവസം അവർ നൽകിയ ഒരു അഭിമുഖത്തിലാണ് ഓയിൽ മസാജിന്റെ കാര്യം പറയുന്നത്. സ്വാമിയെ എണ്ണയിട്ട് തിരുമ്മുന്നതിൽ താൻ തെറ്റൊന്നും കാണുന്നില്ലെന്നും അവർ തുടർന്നു. സ്വാമിയുടെ ഭക്തയാണ് താൻ. അതിനാൽ സ്വാമിയെ ഉഴിയുന്നതിലോ ആഹാരം വാരിക്കൊടുക്കുന്നതിലോ ഒന്നും ഒരു കുഴപ്പമില്ല. അവർ പറയുന്നു. സ്വാമിയുടെ മുറിയിൽ എത്തിയാൽ ഉടൻ അദ്ദേഹം കഴുത്തിൽ നിന്ന് കാവി ഉത്തരീയം മാറ്റും. തുടർന്ന് താൻ അദ്ദേഹത്തിന്റെ തോളുകളിലും നെഞ്ചത്തും കാലുകളിലും എല്ലാം തിരുമ്മും. ഈ സമയമെല്ലാം സ്വാമി തന്റെ തോളിൽ പിടിച്ചു നിൽക്കും. സ്വാമിയെ രഞ്ജിത തിരുമ്മുന്നതിന്റെ സി.ഡികളും പുറത്തായിട്ടുണ്ട്. വേറെ നടിമാരും സുന്ദരികളും സ്വാമിയെ തിരുമ്മാറുണ്ടെങ്കിലും രഞ്ജിതയുടെ സി.ഡി മാത്രമേ പുറത്തായിട്ടുള്ളൂ.



1992 ൽ നാടോടി തെൻഡ്രൽ എന്ന ചിത്രത്തിലൂടെ ഭാരതീരാജയാണ് രഞ്ജിതയെ ചലച്ചിത്ര രംഗത്തേക്ക് കൈപിടിച്ച് കൊണ്ടുവന്നത്. വിജയകാന്തിനൊപ്പം പെരിയ മരുത് എന്ന ചിത്രത്തിലും അർജ്ജുനൊപ്പം കർണ്ണയിലും ജെയ്ഹിന്ദിലും അഭിനയിച്ചതോടെ രഞ്ജിതയുടെ കരിയർ ഗ്രാഫ് ഉയർന്നു.

പിതാവ് സൈനിക ഉദ്യോഗസ്ഥനായിരുന്നു. അതുകൊണ്ടുതന്നെയാകാം രാകേഷ് മേനോൻ എന്ന സൈനിക ഉദ്യോഗസ്ഥനെക്കൊണ്ടാണ് മകളെ വിവാഹം കഴിപ്പിച്ചതും. വിവാഹബന്ധം പതുക്കെ പതുക്കെ ഉലഞ്ഞു. ചെന്നൈയിൽ മൂന്ന് വീടുകളാണ് രഞ്ജിതയ്ക്കുള്ളത്.

ഭർത്താവുമായി അകന്ന ശേഷം പണത്തിന് കൂടുതൽ ഞെരുക്കം ഉണ്ടായതോടെയാണ് ഒരു ഇടവേളയ്ക്ക് ശേഷം വീണ്ടും അഭിനയത്തിന് ഇറങ്ങിയതെന്നും പറയപ്പെടുന്നു.

ഭർത്താവിന്റെ അനുമതിയോടെയാണ് വീണ്ടും അഭിനയരംഗത്ത് വന്നതെന്നും അവർ അവകാശപ്പെടുന്നു.

# ആശ്രമത്തിൽ വൻതോതിൽ പീഡനങ്ങളെന്ന് കത്ത്

സ്വാമി നിത്യാനന്ദയുടെ ബാംഗ്ളൂരിലെ ബീഡഡിയിലുള്ള ആശ്രമത്തിൽ വൻതോതിൽ മനുഷ്യാവകാശ ലംഘനങ്ങളും ലൈംഗീക പീഡനങ്ങളും നടക്കുന്നുണ്ടെന്ന് കത്ത്.



ആശ്രമത്തിൽ ദുരൂഹമരണങ്ങളും മറ്റും നടക്കുന്നുണ്ടെന്ന് നേരത്തെ ആശ്രമ അന്തേവാസിയായിരുന്ന ലെനിൻ കറുപ്പൻ പറഞ്ഞത് കേരളകൗമുദി ഫ്ളാഷ് റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ ദിവസം ലെനിൻ പൊലീസിന് കൈമാറിയ സി.ഡികൾക്കൊപ്പം അഞ്ച് പേജുള്ള ഒരു കത്തും നൽകിയിരുന്നു. ആശ്രമത്തിലെ ഇരുപത്തി മൂന്നുകാരിയായ ഒരു അന്തേവാസിനിയുടെതായിരുന്നു കത്ത്.

അതിൽ സ്വാമി തന്നെ മാനഭംഗപ്പെടുത്തിയതായും ആശ്രമത്തിലെ പല അന്തേവാസികളേയും സ്വാമി മാനഭംഗപ്പെടുത്തുകയും പതിവായി ലൈംഗീകമായി ചൂഷണം ചെയ്യുകയും ചെയ്യുന്നുണ്ടെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്. ആശ്രമത്തിൽ ധാരാളം യുവതികൾ അന്തേവാസികളായുണ്ട്. ഇവരിൽ പ്രമുഖരുമുണ്ട്.

അതിനിടെ തന്റെ മകനെ ആശ്രമത്തിൽ തടഞ്ഞു വച്ചിരിക്കുകയാണെന്ന് കാട്ടി തമിഴ്നാട്ടിൽ നിന്നുള്ള ദമ്പതികൾ പരാതി നൽകി. തുടർന്ന് തിരുച്ചി പൊലീസ് ബാംഗ്ളൂരിൽ എത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സ്വവർഗരതിയടക്കമുള്ള ലൈംഗീക പീഡനങ്ങൾ ഇവിടെ നടക്കുന്നുണ്ട് എന്ന ആരോപണത്തിനിടെയാണ് ദമ്പതികളുടെ പരാതി. അതിനിടെ വിദേശ മാധ്യമങ്ങളും ചാനലുകളും സ്വാമി നിത്യാനന്ദയുടെ വാർത്ത വലിയ പ്രധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്. വാൻകൂവറിൽ ആയിരക്കണക്കിന് അനുയായികളുള്ള ഇന്ത്യൻ സ്വാമി ലൈംഗീക അപവാദക്കേസിൽ എന്നാണ് വാൻകൂവർ ടൈംസ് റിപ്പോർട്ട് ചെയ്തത്. ഏതാനും ചില സ്വാമിമാർ ഇന്ത്യയിലെ 95 ശതമാനം സ്വാമിമാരുടെ പേര് നശിപ്പിക്കുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു. സ്വാമിയ്ക്ക് ഏറ്റവും വലിയ ശിഷ്യഗണങ്ങൾ ഉള്ള സ്ഥലങ്ങളിൽ ഒന്നാണ് വാൻകൂവർ.



അതിനിടെ മതത്തിന്റെ പേരിൽ വൃത്തികേടുകൾ കാട്ടുന്ന വ്യാജ ബാബമാരെ തൂക്കിക്കൊല്ലണമെന്ന് യോഗഗുരു സ്വാമി രാംദേവ് ആവശ്യപ്പെട്ടു. തട്ടിപ്പുകാരെ കണ്ടെത്തണം. അവർക്ക് മരണശിക്ഷ തന്നെ നൽകണം. സ്വാമിമാരാകാൻ എന്തെങ്കിലും യോഗ്യത കൂടി നിശ്ചയിക്കണമെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം പറഞ്ഞു.

### സംപ്രേഷണം തടയണം

സ്വാമിയും രഞ്ജിതയും തമ്മിലുള്ള ചൂടൻ ദൃശ്യങ്ങൾ സംപ്രേഷണം വീണ്ടും വീണ്ടും സംപ്രേഷണം ചെയ്യുന്നതും ഇതിന്റെ ഭാഗങ്ങൾ കാട്ടുന്നതും തടയണമെന്ന് ആവശ്യപ്പെട്ട് കർണ്ണാടക ഹൈക്കോടതിയിൽ പരാതി.

ഇതിന്റെ സംപ്രേഷണം കുരുന്നു മനസ്സുകളെ മലീമസ്സമാക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി അഭിഭാഷകനായ കെ. എൻ സുബ്ബ റെഡ്ഡിയാണ് ഹർജി നൽകിയത്.